

സിഎംഎഫ്ആർഐ വിന്റർ സ്കൂൾ സിഐഎഫ്ടി ഡയറക്ടർ ഡോ സി.എൻ. രവിശങ്കർ ഉദ്ഘാടനം ചെയ്യുന്നു.

# സിഎംഎഫ്ആർഐ വിന്റർ സ്കൂൾ തുടങ്ങി

കൊച്ചി • കേന്ദ്ര സമുദ്ര മൽസ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) യുവ ഗവേഷകരെ പരിശീലിപ്പിക്കുന്നതിനായി സംഘടിപ്പിക്കുന്ന വിന്റർ സ്കൂളിനു തുടക്കമായി.

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ഗവേഷണ സ്ഥാപനങ്ങളിലെയും കാർഷിക സർവകലാശാലകളിലെയും ഗവേഷകരും അധ്യാപകരുമാണ് 21 ദിവസം നീണ്ടുനിൽക്കുന്ന വിന്റർ സ്കൂളിൽ പങ്കെടുക്കുന്നത്. ഉപഗ്രഹ-റിമോട്ട് സെൻസിങ് വിവരങ്ങൾ മൽസ്യ മേഖലയുടെ പുരോഗതിക്ക് ഏതൊക്കെ രീതിയിൽ ഉപയോഗപ്പെടുത്താമെന്ന് ഗവേഷകരെ പരിശീലിപ്പിക്കും. കേന്ദ്ര മൽസ്യ സാങ്കേതിക ഗവേഷണ സ്ഥാപന (സിഐഎഫ്ടി) ഡയറക്ടർ ഡോ. സി.എൻ. രവിശങ്കർ ഉദ്ഘാടനം ചെയ്തു.

സിഎംഎഫ്ആർഐ ക്രസ്റ്റേഷ്യൻ ഫിഷറീസ് ഡിവിഷൻ മേധാവി ഡോ. ജി. മഹേശ്വരുഡു അധ്യക്ഷനായി. പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. സോമി കുര്യാക്കോസ്, സീനിയർ സയന്റിസ്റ്റ് ഡോ. ഗ്രിൻസൻ ജോർജ് എന്നിവർ പ്രസംഗിച്ചു.